


# സുവിശേഷകന്മാർ

ദനഹക്കാലത്തെ വെള്ളിയാഴ്ചകൾ ഈശോയ്ക്ക് ഏറ്റവും അടുത്തു സാക്ഷ്യം നല്കിയ വ്യക്തികളെ പ്രത്യേകം അനുസ്മരിക്കുന്ന ദിവസങ്ങളാണ്. ആദ്യവെള്ളിയാഴ്ച യോഹന്നാൻ മാംദാനയെയും രണ്ടാം വെള്ളിയാഴ്ച പത്രോസ്, പൗലോസ് ശ്ലീഹന്മാരെയും അനുസ്മരിച്ചശേഷം മൂന്നാം വെള്ളിയാഴ്ച, ജീവിതംകൊണ്ടും സുവിശേഷരചനകൊണ്ടും മിശിഹായ്ക്കു സാക്ഷ്യം വഹിച്ച സുവിശേഷകന്മാരെയാണ് സീറോമലബാർ സഭയുടെ ആരാധനക്രമം അനുസ്മരിക്കുന്നത്. ലോകത്തിന്റെ അതിർത്തികൾവരെയും തന്റെ സന്ദേശം എത്തിക്കുവാനുള്ള മിശിഹായുടെ ആഹ്വാനം യാഥാർഥ്യമായത് എഴുതപ്പെട്ട സുവിശേഷങ്ങൾ ഉണ്ടായതുകൊണ്ടാണ്. സുവിശേഷകന്മാർ പരിശുദ്ധാരൂപിയുടെ ശക്തിയാൽ പ്രത്യേകം വിളിക്കപ്പെട്ടവരും തിരഞ്ഞെടുക്കപ്പെട്ടവരും ആണ്. തങ്ങൾ അനുഭവിച്ചറിഞ്ഞ സുവിശേഷം (മിശിഹാ) അനുവാചകർക്ക് അനുഭവവേദ്യമാകുന്നവിധത്തിൽ പ്രഘോഷിച്ചവരും വ്യഖ്യാനിച്ചവരുമാണ് സുവിശേഷകന്മാർ.

സുവിശേഷകന്മാരുടെ പ്രതീകങ്ങളായി ഉപയോഗിക്കുന്നത് പഴയനിയമത്തിൽ എസക്കിയേൽ പ്രവാചകന്റെ പുസ്തകം ഒന്നാം അധ്യായം 1-21 വാക്യങ്ങളിലും പുതിയനിയമത്തിൽ വെളിപാട് പുസ്തകം നാലാം അധ്യായം 6-8 വചനങ്ങളിലും വിവരിച്ചിരിക്കുന്ന സ്വർഗദർശനത്തിൽ ദൈവത്തിന്റെ സിംഹാസനം വഹിക്കുന്നതായി കണ്ട നാലു ജീവികളെയാണ് (തെത്രാമോർഫെ). മത്തായി ശ്ലീഹായുടേത് ചിറകുള്ള മനുഷ്യൻ, മർക്കോസിന്റേത് ചിറകുള്ള സിംഹം, ലൂക്കായുടേത് ചിറകുള്ള കാള, യോഹന്നാന്റേത് പറന്നുയരുന്ന കഴുകൻ. സിംഹം ഉന്നതകുല ജാതനാണ്, കാട്ടുമൃഗങ്ങളുടെ രാജാവാണ്, കാള അതിശക്തിമാനാണ്, വളർത്തുമൃഗങ്ങളിൽ രാജാവാണ്, മനുഷ്യൻ ജ്ഞാനിയാണ്, സൃഷ്ടജീവജാലങ്ങളുടെ രാജാവാണ്, കഴുകൻ ജീവജാലങ്ങളിൽ ഏറ്റവും വേഗതയുള്ളജീവിയാണ്, പക്ഷികളുടെ രാജാവാണ്.

പഴയനിയമത്തിലും പുതിയനിയമത്തിലും കാണുന്ന ഈ പ്രതിരൂപങ്ങളെ സുവിശേഷഗ്രന്ഥകർത്താക്കളുമായി ബന്ധപ്പെടുത്തി വ്യാഖ്യാനിച്ചത് വി. ഇരണേവൂസ് (140-202) ആണ്. സുവിശേഷങ്ങളുടെ ഉള്ളടക്കവും ഓരോ സുവിശേഷകനും പങ്കുവയ്ക്കുന്ന മിശിഹാദർശനവും അടിസ്ഥാനപ്പെടുത്തിയാണ് ഇരണേവൂസ് ഇപ്രകാരം വ്യാഖ്യാനിച്ചത്. വിശുദ്ധ ജറോമും ഈ നാലു പ്രതീകങ്ങളെ സുവിശേഷവുമായി ബന്ധപ്പെടുത്തുന്നുണ്ട്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ഓരോ പ്രതീകവും മൂന്നുവിധത്തിൽ സുവിശേഷങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. അത് സുവിശേഷകന്മാരെ പ്രതിനിധാനം ചെയ്യുന്നു, മിശിഹായുടെ സ്വഭാവം വിവരിക്കുന്നു, ഒരു വിശ്വാസിക്കുണ്ടായിരിക്കേണ്ട പുണ്യങ്ങളിലേക്ക് വിരൽ ചൂണ്ടുന്നു.

മത്തായിശ്ലീഹാ തന്റെ സുവിശേഷത്തിൽ പ്രധാനമായും പ്രഘോഷിക്കുന്നത് പഴയനിയമത്തിൽ പ്രവചിക്കപ്പെട്ടിരുന്ന മിശിഹായാണ് ഈശോ എന്ന കാര്യമാണ്. മനുഷ്യനായി അവതരിച്ചിരിക്കുന്നവൻ ദൈവത്തിന്റെ മിശിഹായാണ്, പ്രവചനങ്ങളുടെ പൂർത്തീകരണമാണ്. മിശിഹായുടെ മനുഷ്യാവതാരത്തിന് കൂടുതൽ പ്രാധാന്യം കൊടുക്കുന്നതാണ് മത്തായിയുടെ സുവിശേഷം. ശാന്തശീലനും വിനീതഹൃദയനുമായ മിശിഹായെയാണ് സുവിശേഷത്തിൽ കാണുന്നത്.

അതിനാലാണ് മത്തായിശ്ലീഹായുടെ സുവിശേഷത്തിന്റെ പ്രതീകമായി മനുഷ്യൻ നിലകൊള്ളുന്നത്.

മർക്കോസ് സുവിശേഷത്തിൽ മുൻതൂക്കം കൊടുക്കുന്നത് മിശിഹാ ശക്തനായ ദൈവമാണ് എന്ന കാര്യത്തിനാണ്. ഗർജിക്കുന്ന സിംഹത്തെപ്പോലെ മരുഭൂമിയിൽ പ്രസംഗിക്കുന്ന യോഹന്നാൻ മാംദാനയെയും ശക്തമായ അദ്ഭുതങ്ങൾ പ്രവർത്തിച്ച് തന്റെ ദൈവത്വം വെളിപ്പെടുത്തുന്ന മിശിഹായെയും അവതരിപ്പിച്ചുകൊണ്ട് മിശിഹാ സത്യമായും ദൈപുത്രനാണ് എന്ന് സുവിശേഷം പഠിപ്പിക്കുന്നു. മർക്കോസ് സുവിശേഷകന്റെ പ്രതീകമായ സിംഹം അധികാരത്തിന്റെയും രാജത്വത്തിന്റെയും നേതൃത്വത്തിന്റെയും ചിഹ്നമാണ്.

കാള ബലിയർപ്പണത്തിന്റെയും പൗരോഹിത്യത്തിന്റെയും പ്രതീകമാണ്. കർത്താവിന്റെ പേടകം ജറുസലേമിലേക്ക് കൊണ്ടുവന്നപ്പോൾ ആറു ചുവടുനടക്കുമ്പോൾ ഒരു കാളയെ ബലിയർപ്പിച്ചിരുന്നു. ജറുസലേം ദൈവാലയത്തിൽ പുരോഹിതശുശ്രൂഷ നടത്തുന്ന സഖറിയായുടെ വിവരണത്തോടെയാണ് ലൂക്കായുടെ സുവിശേഷം ആരംഭിക്കുന്നത്. ധൂർത്തപുത്രന്റെ തിരിച്ചുവരവിൽ കൊഴുത്ത കാളയെ കൊല്ലുന്നുണ്ട്. പ്രാർഥനയുടെ സുവിശേഷം എന്നറിയപ്പെടുന്ന ലൂക്കായുടെ സുവിശേഷത്തിൽ, സർവലോകത്തിനുമുള്ള രക്ഷകനായി വന്ന, സകലർക്കുംവേണ്ടി സ്വയം ബലിവസ്തുവും ബലിയർപ്പകനുമായി മാറിയ പൗരോഹിത്യത്തിന്റെ പൂർണതയായ മിശിഹായെ കാണാനാകും.

സകലത്തിന്റെയും സ്രഷ്ടാവായിരുന്നവൻതന്നെയാണ് മനുഷ്യനായി അവതരിച്ച മിശിഹാ എന്ന് യോഹന്നാന്റെ സുവിശേഷം പഠിപ്പിക്കുന്നു. പറന്നുയരുന്ന കഴുകൻ സൃഷ്ടിയുടെ അവസരത്തിൽ ജലത്തിനുമേൽ ചരിച്ചുകൊണ്ടിരുന്ന ദൈവചൈതന്യത്തിന്റെ പ്രതീകമാണ്. ഉയർന്നുനില്ക്കുന്ന ദൈവശാസ്ത്ര പ്രബോധനമാണ് ഈ സുവിശേഷത്തിന്റെ സവിശേഷത.

ഇപ്രകാരം നാലു ജീവികളാൽ അലംകൃതമായ സിംഹാസനത്തിൽ ഉപവിഷ്ടനായിരിക്കുന്നത് മിശിഹായാണ്. എസക്കിയേലിന്റെ പുസ്തകത്തിലുള്ള വിവരണത്തിന്റെ അടിസ്ഥാനത്തിലാണ് ഓരോ ജീവികൾക്കും മാലാഖമാരുടെ ചിറക് നല്കിയിരിക്കുന്നത്. നാലു സുവിശേഷങ്ങളിലൂടെയും വിരചിതമായിരിക്കുന്ന ദർശനങ്ങളിലൂടെയേ ഈശോമിശിഹായെ പൂർണമായും മനസ്സിലാക്കാൻ സാധിക്കൂ.

സുവിശേഷകനായ മത്തായി കഫർണാം പട്ടണത്തിൽ റോമാക്കാർക്കുവേണ്ടി ചുങ്കം പിരിച്ചുകൊണ്ടിരുന്ന ജോലി ഉപേക്ഷിച്ച് മിശിഹായുടെ ശിഷ്യസമൂഹത്തിൽ ചേർന്നവനും (മത്താ 9,9) അപ്പസ്തോലനാക്കപ്പെട്ടവനുമാണ് (മർക്കോ 3,18). ലേവി എന്നും അദ്ദേഹം അറിയപ്പെടുന്നു (ലൂക്കാ 5,27). മത്തായി എന്ന പേരിന്റെ അർഥം ദൈവത്തിന്റെ ദാനം എന്നാണ്. പാർത്തിയാ, പാലസ്തീന എന്നിവിടങ്ങളിൽ ശ്ലീഹാ സുവിശേഷപ്രഘോഷണം നടത്തി.

ജറുസലേംകാരനായ മർക്കോസ് ബർണാബാസിന്റെ പിതൃവ്യപുത്രനും (കൊളോ 4,14) പത്രോസിന്റെ സഹായിയും (1 പത്രോ 5,13) പൗലോസിന്റെ സ്നേഹിതനുമായിരുന്നു (കൊളോ 4,14; ഫില 1,24). യോഹന്നാൻ എന്നും അദ്ദേഹം വിളിക്കപ്പെട്ടിരുന്നു (അപ്പ. പ്ര 12,12.25; 15, 37). മിശിഹാ അന്ത്യാത്താഴം നടത്തിയ മാളിക ഇദ്ദേഹത്തിന്റേതായിരുന്നു എന്ന് പാരമ്പര്യം. ഈജിപ്തിൽ ദൈവവചനം

പ്രസംഗിച്ചതും  സഭ സ്ഥാപിച്ചതും മർക്കോസാണ്. കോപ്റ്റിക്ക് സഭയുടെ അപ്പ സ്തോലനായി അദ്ദേഹം കരുതപ്പെടുന്നു.

പൗലോസിന്റെ സഹയാത്രികനായിരുന്നു അന്ത്യോക്യായിൽനിന്നുള്ള ലൂക്കാ. അക്കായിയ, ലിബിയ, തേബാ, ഈജിപ്ത് എന്നിവടങ്ങളിൽ സുവിശേഷം അദ്ദേഹം പ്രസംഗിക്കുകയും, തേബായിൽ രക്തസാക്ഷിയാകുകയും ചെയ്തു..

സെബദിയുടെ പുത്രനും മിശിഹായുടെ അപ്പസ്തോലഗണത്തിലേക്ക് ആദ്യം കടന്നുവന്നവരുടെ കൂട്ടത്തിൽപ്പെട്ടയാളുമാണ് സുവിശേഷകനായ യോഹ ന്നാൻ. മിശിഹായുടെ പ്രിയശിഷ്യൻ എന്നറിയപ്പെട്ടിരുന്നയാളുകൂടിയാണ് യോഹ ന്നാൻ. മിശിഹായുടെ സ്വർഗാരോഹണത്തിനുശേഷം അദ്ദേഹം ഏഷ്യാമൈനറി ലേക്ക് പോകുകയും എഫേസൂസിൽ താമസിച്ച് സുവിശേഷം പ്രസംഗിക്കുകയും ചെയ്തു. ഏ. ഡി. നൂറോടുകൂടി 95-ാം വയസിൽ അവിടെവച്ച് മരിച്ചു.

സുവിശേഷകന്മാരുടെ തിരുനാളാചരിക്കുമ്പോൾ സുവിശേഷം ജീവി ക്കാനും വ്യാഖ്യാനിക്കാനുമുള്ള ദൗത്യമാണ് തിരുസഭ നമ്മെ ഓർമിപ്പിക്കുന്നത്. ജ്വലി ക്കുന്ന വചനങ്ങൾക്കൊണ്ട് സുവിശേഷമെഴുതാൻ ദൈവാത്മാവ് സുവിശേഷകരെ അനുഗ്രഹിച്ചതുപോലെ, സുവിശേഷത്തിന് സജീവവും വിശ്വാസയോഗ്യവും സ്വീകാ ര്യവും ജീവദായകവുമായ സാക്ഷ്യം വഹിക്കാൻ സഭയെ പ്രാപ്തമാക്കണമേ (സ്ലോ സ, റംശ സുവിശേഷകന്മാരുടെ തിരുനാൾ) എന്നു നമുക്കു പ്രാർഥിക്കാം.

**തയ്യാറാക്കിയത്,**
**റവ.ഡോ.സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ**
**വടവാതൂർ സെമിനാരി കോട്ടയം**
**19-01-2022**

**സീറോമലബാർ ആരാധനക്രമകമ്മീഷൻ**
**മൗണ്ട് സെന്റ് തോമസ്, കാക്കനാട്**
**Read more:wwwsyromalabarliturgy.com**

